"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജ്ഞാന കേരളം പരിപാടി - തൊഴിൽ മേളയിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാക്രമീകരണം ഏർപ്പെടുത്തുന്നതിനും വിജ്ഞാന കേരളം ജോബ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെലവുകൾ കണ്ടെത്തുന്നതിനും ഫണ്ട് വകയിരുത്താൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1164/2025/LSGD തീയതി,തിരുവനന്തപുരം, 12-05-2025

പരാമർശം:-
1. സ.ഉ.(കൈ) നം.179/2024/LSGD; തീയതി 19.12.2024
2. സ.ഉ.(സാധാ) നം.727/2025/LSGD; തീയതി 19.03.2025
3. Kerala Development and Innovation Strategic Council (K-DISC) മെമ്പർ സെക്രട്ടറിയുടെ 14.03.2025-ലെ 1022/2025/കെ-ഡിസ്ക് നമ്പർ കത്തും 15.03.2025-ലെ 1022/2025/കെ-ഡിസ്ക്/L-68-ാം നമ്പർ കത്തും
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025 -ന്ന നടന്ന യോഗത്തിന്റെ തീരുമാനം 4.7

**<u>ഉത്തരവ്</u>**

തൊഴിൽ അന്വേഷകരായ അഭ്യസ്തവിദ്യരെ ആവശ്യമായ തയ്യാറെടുപ്പുകളോടെ തൊഴിൽമേളകളിൽ അണിനിരത്തി തൊഴിൽ ലഭ്യമാക്കുക, വിദ്യാർത്ഥികൾക്ക് പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക - എന്നീ ലക്ഷ്യങ്ങളോടെ കേരള നോളഡ്ജ് എക്കണോമി മിഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പരിപാടി ആണ് വിജ്ഞാനകേരളം ജനകീയ ക്യാമ്പയിൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, നഗരസഭകളിലും കോർപ്പറേഷനുകളിലും ജോബ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരിശീലനം പൂർത്തീകരിച്ച ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, നഗരഭരണ സ്ഥാപനങ്ങളിലും ജോബ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശം പരാമർശം 2 പ്രകാരവും നൽകിയിട്ടുണ്ട്.

2. വിജ്ഞാന കേരളം പരിപാടിയോടനുബന്ധിച്ച് നടത്തുന്ന തൊഴിൽ മേളകളിൽ/മെഗാ ജോബ് ഫെയറുകളിൽ Digital Workforce Management System (DWMS) പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ പങ്കെടുക്കുമ്പോൾ ഇവർക്ക് യാത്രാ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട് എന്നും, ഇവർക്ക് പൊതുവായ യാത്രാസൗകര്യമൊരുക്കുന്നതിനുള്ള

വാഹനത്തിന്റെ ചെലവ് അതത് ഗ്രാമപഞ്ചായത്ത്/നഗരസഭകളുടെ പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകണമെന്നും കെഡിസ്ക് മെമ്പർ സെക്രട്ടറി പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായ ജോബ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കുന്നതിനാവശ്യമായ തുക വികസനഫണ്ട് (ജനറൽ)/തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊഴിൽ നൽകുന്നതിനായുള്ള സർക്കാരിന്റെ പ്രത്യേക പരിപാടിയാണ് ജില്ലാതലത്തിൽ നടക്കുന്ന ജോബ് ഫെയറുകൾ. ആയത് പരിഗണിച്ച്, തൊഴിൽ മേളകളിൽ/മെഗാ ജോബ് ഫെയറുകളിൽ പങ്കെടുക്കുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തനത് ഫണ്ട്/വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് പൊതുവായ (ഒരുമിച്ച്) യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവാകുന്നു. ഇതിനായി KSRTC യുടെ ബസ് വാടകയ്ക്കെടുത്ത് യാത്രാ സൗകര്യമൊരുക്കേണ്ടതാണ്. KSRTC ബസ് ലഭ്യമല്ലാതെ വന്നാൽ മാത്രം സ്വകാര്യ ബസ് വാടകയ്ക്കെടുക്കാവുന്നതാണ്.

4. ജോബ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കുന്നതിനായി, പരമാവധി 2.00 ലക്ഷം രൂപ തനത് ഫണ്ട്/ വികസനഫണ്ട് (ജനറൽ) ൽ നിന്നും ചെലവഴിക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. മെമ്പർ സെക്രട്ടറി, KDISC
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 14-05-2025 12:25:19

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്